Malappuram District Police

## 21.06.2017 വളാഞ്ചേരി

കടയിൽ സാധനം വാങ്ങാനെത്തിയ പത്തുവയസ്സുകാരിയെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ യുവാവ് വളാഞ്ചേരി പൊലീസിന്റെ പിടിയിലായി. വളാഞ്ചേരി മങ്കേരി സ്വദേശി കരുവാരക്കുന്നിൽ അഷറഫാണ് (26) പിടിയിലായത്. കടയിൽ സാധനം വാങ്ങാനെത്തിയ പത്തുവയസ്സുകാരിയെ പ്രതി ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് പരാതി. പെൺകുട്ടിയുടെ പരാതിയിൽ പോക്സോ നിയമപ്രകാരം കേസെടുത്ത് പൊലീസ് അന്വേഷണം ആരംഭിച്ചു. വളാഞ്ചേരി സി.ഐ എം.കെ. ഷാജിയുടെ നേതൃത്വത്തിൽ എസ്.ഐ ഇഖ്ബാൽ, സിപിഒ-മാരായ ജയകൃഷ്ണൻ, സുനിൽ ദേവ്, ജെറോം, മനോജ്, സുജിത്ത് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. തിരൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.